## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6022**

**07.07.2014 - ൽ മറുപടിക്ക്**

### പടന്നക്കാട്, പീലിക്കോട് കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**മറുപടി**

**ശ്രീ.കെ.പി. മോഹനൻ**

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**എ)** പടന്നക്കാട്, പീലിക്കോട് കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ അദ്ധ്യാപക തസ്തികകളടക്കമുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടി സ്വീകരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

**എ)** 2006 യു.ജി.സി. പദ്ധതിയനുസരിച്ചുള്ള ശമ്പള പരിഷ്കരണം കേരള കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കിയ സാഹചര്യത്തിൽ, 2010 യു.ജി.സി റെഗുലേഷൻ പ്രകാരമുള്ള യോഗ്യതകൾക്കനുസൃതമായി സർവ്വകലാശാല അദ്ധ്യാപക തസ്തികകളുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഭേദഗതി പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്താവുന്നതാണ്.

കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ട് 18/12/2010-ലെ സ.ഉ. (എം.എസ്.) നം.399/2010/ഉ.വി.പ. പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി നിർദ്ദേശത്തിന് ബഹു.മാനപ്പെട്ട ചാൻസിലറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിന് ഭരണഘടനയുടെ 321-)o അനുച്ഛേദം അനുശാസിക്കുന്നവിധം പ്രത്യേകമായി നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. മേൽ പ്രകാരമുള്ള നിയമനിർമ്മാണ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്താവുന്നതാണ്.

ഈ കാരണങ്ങളാലാണ് കേരള കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്താൻ കഴിയാത്തത്.

**സെക്ഷൻ ഓഫീസർ**